പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1941 | 11.02.2020 ൽ മറുപടിയ്ക്ക്

# സൂപ്പർ ന്യൂമററി തസ്തികയിലെ അംഗപരിമിത ജീവനക്കാർക്കുള്ള സർവീസ് ആനുകൂല്യങ്ങൾ

ചോദ്യം | മറുപടി

ശ്രീ. ടി വി ഇബ്രാഹിം | പിണറായി വിജയൻ (മുഖ്യമന്ത്രി )

| | |
|---|---|
| (എ) 2013 മുതൽ വിവിധ വകുപ്പുകളിൽ അംഗപരിമിത ജീവനക്കാർ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) ഉണ്ട്. 18.05.2013 തിയ്യതിയിലെ സ ഉ (പി ) 40/2013/ സാ നീ വ ഉത്തരവ് പ്രകാരം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 16.8.99 നും 31.12.2003 നുമിടയിൽ താൽക്കാലികമായി 179 ദിവസം സേവനം അനുഷ്ഠിച്ചിട്ടുള്ള അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി 2677 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് അർഹതപ്പെട്ടവർക്ക് പുനർ നിയമനം നൽകി വരുന്നു. |
| (ബി) ഇവർക്ക് സ്ഥിരം ജീവനക്കാർക്കുള്ള സർവീസ് ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) പ്രസ്തുത നിയമനം സൂപ്പർ ന്യൂമററി തസ്തികയിലായതിനാൽ ഇവർക്ക് സ്ഥിരം ജീവനക്കാർക്കുള്ള എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നൽകുന്നില്ല. 18.05.2013 തിയ്യതിയിലെ സ ഉ (പി ) 40/2013/ സാ നീ വ ഉത്തരവ് പ്രകാരം, നിയമിതരായ അംഗപരിമിതരുടെ സേവന വ്യവസ്ഥകൾ G O (P)No: 01/16/SJD dated 03.02.2016 പ്രകാരം സ്പഷ്ടീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ-തിരുവനന്തപുരം 27.10.2019-ലെ ഒ.എ. നമ്പർ 2413/2017 പ്രകാരം പ്രസ്തുത ജീവനക്കാർക്ക് സ്ഥിരം ജീവനക്കാർക്കുള്ള സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ഉത്തരവിട്ടിട്ടും ആയത് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) OA No . 2413/ 17 ലെ 20 /08/ 2019 ലെ വിധി ന്യായ പ്രകാരം, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 03 .02. 2016 ലെ ജി.ഒ .(പി) 1 / 2016 /SJD നം സർക്കാർ ഉത്തരവിലെ ഖണ്ഡിക 5 ,6 ,7 എന്നിവ റദ്ദാക്കുകയും അപേക്ഷകരുടെ പ്രൊബേഷൻ , റെഗുലറൈസേഷൻ എന്നിവ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ ബന്ധപ്പെട്ട അധികാരികൾക്ക് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർവീസിലുള്ള റെഗുലർ ജീവനക്കാരെപ്പോലെ |

| | |
|---|---|
| | റെഗുലർ ജീവനക്കാരെപ്പോലെ പ്രൊമോഷൻ ഉൾപ്പെടയുള്ള മാറ്റാനുകൂല്യങ്ങൾക്ക് ഇവർ അർഹരാണെന്നും കോടതി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. |

Jasmin Thomas

സെക്ഷൻ ഓഫീസർ